# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**നവംബർ 21**

**November 21** **2018**

***1193 വൃശ്ചികം 5 ബുധൻ***

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**പ്രാദേശിക അവധി**

ചക്കുളത്തുകാവ് പൊങ്കാല പ്രമാണിച്ച് തിരുവല്ല താലൂക്കിലെ എല്ലാ സർക്കാർ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ (23) പ്രാദേശിക അവധി പ്രഖ്യാപിച്ച് ജില്ലാ കളക്ടർ ഉത്തരവായി. (പിഎൻപി 3764/18)

**ദർഘാസ്**

ട്രീറ്റ്മെന്റ് പ്രോട്ടോക്കോൾ ബുക്ക് പെർഫെക്ട് ബയന്റിംഗ് നാല് കവർ പേജുകൾ 220 ജിഎസ്എം പേപ്പറിൽ വിവിധ വർണത്തിൽ അച്ചടിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ദർഘാസ് ക്ഷണിച്ചു. ഡിസംബർ മൂന്നിന് രാവിലെ 11 വരെ ദർഘാസ് സ്വീകരിക്കും. ഫോൺ: 0468 2222642. (പിഎൻപി 3765/18)

**ചിത്രരചനാ മത്സരം 24ന്**

കോഴഞ്ചേരി ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 17ന് നടത്താനിരുന്ന ജില്ലാതല കൈത്തറി ചിത്രരചനാ മത്സരം ഈ മാസം 24ന് രാവിലെ ഒമ്പതിന് കോഴഞ്ചേരി സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ നടക്കും. (പിഎൻപി 3766/18)

## പോളിടെക്നിക്ക് ക്ലാസ്

വെണ്ണിക്കുളം ഗവണ്‍മെന്റ് പോളിടെക്നിക്ക് കോളജില്‍ രണ്ട്, നാല്, ആറ് സെമസ്റ്റര്‍ ക്ലാസുകള്‍ ഇന്ന് (22) ആരംഭിക്കുമെന്ന് പ്രിന്‍സിപ്പല്‍ അറിയിച്ചു.

(പിഎന്‍പി 3767/18)

## പ്രാദേശിക അവധി

ഉപതെരഞ്ഞെടുപ്പ് നടക്കുന്ന പത്തനംതിട്ട മുനിസിപ്പാലിറ്റിയിലെ കുലശേഖരപതി, പന്തളം മുനിസിപ്പാലിറ്റിയിലെ കടയ്ക്കാട് വാര്‍ഡുകളുടെ പരിധിയില്‍വരുന്ന എല്ലാ സര്‍ക്കാര്‍ സ്ഥാപനങ്ങള്‍ക്കും വിദ്യാഭ്യാസ സ്ഥാപനങ്ങള്‍ക്കും ഈ മാസം 29നും വോട്ടെടുപ്പ് നടക്കുന്ന ആനപ്പാറ ഗവണ്‍മെന്റ് എല്‍പിഎസിനും കടയ്ക്കാട് പടിഞ്ഞാറ് ഗവണ്‍മെന്റ് എല്‍പിഎസിനും 28നും 29നും പ്രാദേശിക അവധി പ്രഖ്യാപിച്ച് ജില്ലാ കളക്ടര്‍ ഉത്തരവായി.

(പിഎന്‍പി 3768/18)

## മദ്യനിരോധനം ഏര്‍പ്പെടുത്തി

ഈ മാസം 29ന് ഉപതെരഞ്ഞെടുപ്പ് നടക്കുന്ന പത്തനംതിട്ട മുനിസിപ്പാലിറ്റിയിലെ കുലശേഖരപതി, പന്തളം മുനിസിപ്പാലിറ്റിയിലെ കടയ്ക്കാട് വാര്‍ഡുകളില്‍ വോട്ടെടുപ്പ് അവസാനിക്കുന്നതിന് തൊട്ടുമുമ്പ് 48 മണിക്കൂര്‍ സമയത്തേക്കും വോട്ടെണ്ണല്‍ ദിവസമായ 30നും സമ്പൂര്‍ണ മദ്യനിരോധനം ഏര്‍പ്പെടുത്തി ജില്ലാ കളക്ടര്‍ ഉത്തരവായി.

(പിഎന്‍പി 3769/18)

## ജില്ലാ വികസന സമിതിയോഗം 24ന്

ജില്ലാ വികസന സമിതിയോഗം ഈ മാസം 24ന് രാവിലെ 11ന് കളക്ടറേറ്റ് കോണ്‍ഫറന്‍സ് ഹാളില്‍ ചേരും. അന്നേദിവസം രാവിലെ 10.30ന് കൂടുന്ന പ്രീ-ഡിഡിസി യോഗത്തില്‍ ഉദ്യോഗസ്ഥര്‍ പങ്കെടുക്കണമെന്ന് ജില്ലാ കളക്ടര്‍ അറിയിച്ചു.

(പിഎന്‍പി 3770/18)

## ഇന്ന് (22) രാത്രി പ്രവര്‍ത്തിക്കുന്ന മെഡിക്കല്‍ സ്റ്റോറുകള്‍

ശബരിമല തീര്‍ഥാടനത്തോടനുബന്ധിച്ച് ജില്ലയില്‍ ഇന്ന് (22) രാത്രി പ്രവര്‍ത്തിക്കുന്ന മെഡിക്കല്‍ സ്റ്റോറുകള്‍: ഫ്രണ്ട്സ് മെഡിക്കല്‍സ്, കണ്ണങ്കര റോഡ് പത്തനംതിട്ട, നീതി മെഡിക്കല്‍ സ്റ്റോര്‍ (ത്രിവേണി) കോന്നി, മാവേലി മെഡിക്കല്‍ സ്റ്റോര്‍ കോഴഞ്ചേരി, ജനത മെഡിക്കല്‍സ് അടൂര്‍, നീതി മെഡിക്കല്‍ സ്റ്റോര്‍, സര്‍വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് പന്തളം, തിരുവല്ല സേവന മെഡിക്കല്‍സ് തിരുവല്ല, ഗ്രേസ് മെഡിക്കല്‍ സ്റ്റോര്‍ പഴവങ്ങാടി റാന്നി, ശ്രീഅയ്യപ്പാ മെഡിക്കല്‍ കോളേജ് വടശേരിക്കര.

(പ്രത്യേക പത്രക്കുറിപ്പ് 23/18)




**ഇന്‍ഫര്‍മേഷന്‍&പബ്ലിക് റിലേഷന്‍സ് വകുപ്പ്**

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| നവംബർ 21<br>November 21 | 2018 |
|---|---|

*1193 വൃശ്ചികം 5 ബുധൻ*

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ജില്ലാതല കർഷകസഭ ക്രോഡീകരണം നടത്തി**

ജില്ലയിൽ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ കർഷക സഭകൾ കൂടി ചർച്ച ചെയ്ത് രൂപീകരിച്ച വിവിധ പദ്ധതികളുടെ ജില്ലാ തല ക്രോഡീകരണം ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ഉദ്ഘാടനം ചെയ്തു. പ്രളയശേഷം ജില്ലയിലെ കാർഷിക മേഖല വലിയ പ്രതിസന്ധികളിലൂടെയാണ് കടന്നുപോകുന്നത്. സമഗ്രമായ ചർച്ചകളിലൂടെ കാർഷികനേട്ടം തിരികെ പിടിക്കുവാൻ കഴിയണം. കാലാവസ്ഥ വ്യതിയാനങ്ങൾ മുന്നിൽകണ്ട് കൃഷിയിറക്കണം. ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനൊപ്പം ഗുണമേന്മയുള്ള വിളകൾക്കും പ്രാധാന്യം നൽകണമെന്നും പ്രസിഡന്റ് പറഞ്ഞു. ജില്ലയിൽ കൃഷിവകുപ്പ് ആദ്യമായിട്ടാണ് കർഷക സഭയും ഞാറ്റുവേല ചന്തയും സംഘടിപ്പിച്ചത്. വാർഡ്, പഞ്ചായത്ത്, മുനിസിപ്പൽ, ബ്ലോക്ക് തലങ്ങളിൽ നിന്നും ലഭിച്ച പൊതു അഭിപ്രായങ്ങളെ ജില്ലാ തലത്തിൽ ക്രോഡീകരിച്ചു. നെൽ കൃഷി, തെങ്ങ് കൃഷി, വാഴകൃഷി, പച്ചക്കറി കൃഷി, പൊതുവിഷയങ്ങൾ എന്നിങ്ങനെ തരംതിരിച്ച് ആത്മ പ്രൊജക്ട് ഡയറക്ടർ സുജാ ജോർജ് ജില്ലാ തല ക്രോഡീകരണത്തിന്റെ കരട് റിപ്പോർട്ട് അവതരിപ്പിച്ചു. വരുംവർഷങ്ങളിൽ കൃഷിവകുപ്പിന് നടപ്പിലാക്കാൻ കഴിയുന്ന വിവിധ പദ്ധതികളെ കുറിച്ച് യോഗം ചർച്ച ചെയ്തു. ജില്ലാ പഞ്ചായത്ത് വൈസ്പ്രസിഡന്റ് ജോർജ് മാമൻ കൊണ്ടൂർ, വികസനകാര്യ സ്ഥാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ എലിസബത്ത് അബു, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.ബി സത്യൻ, ആത്മ ഡെപ്യൂട്ടി പ്രൊജക്ട് ഡയറക്ടർ വിനോജ് മാമ്മൻ, കാർഷിക വികസന സമിതി അംഗങ്ങൾ, ആത്മ അഡ്വൈസറി കമ്മിറ്റി

അംഗങ്ങള്‍ തുടങ്ങിയവര്‍ പങ്കെടുത്തു. (പിഎന്‍പി 3771/18)

## ഗതാഗതം നിരോധിച്ചു

മണ്ണാറക്കുളഞ്ഞി-കോഴഞ്ചേരി റോഡിന്‍റെ പുനരുദ്ധാരണ പ്രവൃത്തികള്‍ നടക്കുന്നതിനാല്‍ കോഴഞ്ചേരി പഴയതെരുവ് മുതല്‍ പാമ്പാടിമണ്‍ ക്ഷേത്രം വരെയുള്ള ഭാഗത്ത് ഇന്ന് (22) മുതല്‍ വാഹന ഗതാഗതം നിരോധിച്ചതായി പൊതുമരാമത്ത് അധികൃതര്‍ അറിയിച്ചു.

(പിഎന്‍പി 3772/18)

## തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷിക്കാം

പ്രൊഫണല്‍ ഡിപ്ലോമ ഇന്‍ ഫയര്‍ ആന്‍ഡ് സേഫ്റ്റി എഞ്ചിനീയറിംഗ് കോഴ്സുകളിലേക്ക് കെല്‍ട്രോണ്‍ അപേക്ഷ ക്ഷണിച്ചു. കൂടുതല്‍ വിവരത്തിന് കെല്‍ട്രോണ്‍ നോളജ് സെന്‍റര്‍, ഗവ. ഐ.ടി.ഐ, ചെന്നീര്‍ക്കര, പത്തനംതിട്ട എന്ന വിലാസത്തില്‍ ബന്ധപ്പെടണം. ഫോണ്‍: 8606139232/ 8075759481.

(പിഎന്‍പി 3773/18)

## ഫോട്ടോ അടിക്കുറിപ്പ്

1) ജില്ലാതല കര്‍ഷകസഭ ക്രോഡീകരണം ജില്ലാ പഞ്ചായത്ത് കോണ്‍ഫറന്‍സ് ഹാളില്‍ ജില്ലാ പഞ്ചായത്ത് പ്രസിഡന്‍റ് അന്നപൂര്‍ണാദേവി ഉദ്ഘാടനം ചെയ്യുന്നു.

വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.

**ഇന്‍ഫര്‍മേഷന്‍&പബ്ലിക് റിലേഷന്‍സ് വകുപ്പ്**

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| **നവംബർ 21**<br>**November 21** | **2018** |

***1193 വൃശ്ചികം 5 ബുധൻ***

# പത്രക്കുറിപ്പ് -3

**www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657**

**സർഗവിദ്യാലയം പദ്ധതിക്ക് ജില്ലയിൽ തുടക്കം**

സമഗ്രശിക്ഷ കേരളയുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന സർഗവിദ്യാലയം പദ്ധതിക്ക് ജില്ലയിൽ തുടക്കമായി. മെഴുവേലി ചന്ദനക്കുന്ന് എസ്.എം.എസ്.ജി.യു.പി സ്കൂളിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി പദ്ധതി ഉദ്ഘാടനം ചെയ്തു. പന്തളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.കെ.തങ്കമ്മ അധ്യക്ഷത വഹിച്ചു. മെഴുവേലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൻ.ഗോപാലകൃഷ്ണകുറുപ്പ് മുഖ്യപ്രഭാഷണം നടത്തി. ജില്ലാപഞ്ചായത്തംഗം വിനീത അനിൽ, മെഴുവേലി പഞ്ചായത്ത് വൈസ്പ്രസിഡന്റ്പ എൻ.സുലോചന, സമഗ്രശിക്ഷ കേരളയുടെ കൺസൾട്ടന്റ് ഡോ.ടി.പി കലാധരൻ, സമഗ്രശിക്ഷ ജില്ലാ പ്രോജക്ട് ഓഫീസർ ഡോ.ആർ.വിജയമോഹനൻ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഇ.പത്മകുമാരി, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പി.ഡി.രഘുപ്രസാദ്, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ജില്ലാ കോ-ഓർഡിനേറ്റർ എസ്.രാജേഷ്, ജില്ലാ പ്രോഗ്രാം ഓഫീസർ എ.പി.ജയലക്ഷ്മി, ബ്ലോക്ക് പ്രോഗ്രാം ഓഫീസർ എസ്. സുജമോൾ, സ്കൂൾ ഹെഡ്മിസ്ട്രസ് സിന്ധു ഭാസ്കർ, എസ്.എം.സി ചെയർമാൻ ആർ.അനിൽ എന്നിവർ സംസാരിച്ചു.

കുട്ടികളുടെ സർഗപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനും നൂതനപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് വിദ്യാലയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി സമഗ്രശിക്ഷ കേരള നടപ്പാക്കുന്ന പദ്ധതിയാണ്

സർഗവിദ്യാലയം. അക്കാദമിക മുന്നേറ്റത്തിനു സഹായകമായതും, പുതിയ കണ്ടെത്തലുകൾക്ക് വഴിയൊരുക്കുന്നതുമായ പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഏറ്റെടുക്കുന്നത്. പുതിയ പഠനതന്ത്രങ്ങൾ, വിലയിരുത്തൽ രീതികൾ, രക്ഷിതാക്കളുമായി കുട്ടികളുടെ പഠന നിലവാരം പങ്കിടുന്നതിനുള്ള പുതിയ രീതികൾ തുടങ്ങിയവ വികസിപ്പിക്കൽ ഇതിന്റെ ഭാഗമായി നടത്തും. പ്രാദേശിക പാഠങ്ങൾ രൂപപ്പെടുത്തൽ, കുട്ടികളുടെ സ്വയംപഠനശേഷി വികസിപ്പിക്കൽ, ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ തയ്യാറാക്കൽ, ഇതര സംസ്ഥാന വിദ്യാർഥികളുടെ സവിശേഷമായ ആവശ്യങ്ങൾ പരിഗണിച്ചുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കൽ, അധ്യാപക മികവിനായി ആധുനിക സാങ്കേതിക വിദ്യയെ ഫലപ്രദമായി ഉപയോഗപ്പെടുത്തൽ, ഗവേഷണ പ്രവർത്തനങ്ങൾ സമൂഹവിഭവത്തെ അക്കാദമിക മികവിനായി ഉപയോഗപ്പെടുത്തൽ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ പദ്ധതിയിലൂടെ ഏറ്റെടുക്കും. ജില്ലയിലെ 22 വിദ്യാലയങ്ങൾക്ക് പതിനായിരം രൂപ വീതം സമഗ്രശിക്ഷ നൽകും . ആവശ്യമായ ബാക്കി തുക വിദ്യാലയങ്ങൾ പ്രാദേശികമായി കണ്ടെത്തണം.

(പിഎൻപി 3774/18)

**ഫോട്ടോ അടിക്കുറിപ്പ്**

1) സർഗവിദ്യാലയം പദ്ധതി മെഴുവേലി ചന്ദനക്കുന്ന് എസ്.എം.എസ്.ജി.യു.പി സ്കൂളിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ഉദ്ഘാടനം ചെയ്യുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**